# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :252 20.03.2015 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ. ഇ.പി.ജയരാജൻ
ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ.ബാബു എം. പാലിശ്ശേരി

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 ഡിസംബർ മാസത്തോട് കൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഈ പദ്ധതി ലക്ഷ്യം കാണാതെ പോയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ; | ഇല്ല. ഈ പദ്ധതി പ്രകാരം അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകിക്കൊണ്ട് കാസർഗോഡ്, കണ്ണൂർ ജില്ലകളെ ഇന്ത്യയിലെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കാൻ കഴിഞ്ഞത് പദ്ധതിയുടെ വിജയമായി വിലയിരുത്തുന്നു. വിവിധ ഘട്ടങ്ങളിലായി പട്ടയം നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാംഘട്ട പട്ടയം വിതരണം 14 ജില്ലകളിലും നടന്നു കഴിഞ്ഞു. രണ്ടാംഘട്ട പട്ടയം വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. 2015 ഡിസംബറോടുകൂടി പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | പട്ടയം ലഭിച്ചവരിൽ ഭൂരിപക്ഷവും ഭൂമി ഏറ്റെടുത്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പട്ടയം നൽകിയവരിൽ ഭൂരിപക്ഷവും ഭൂമിയുടെ കൈവശം ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ കോടതി കേസുകൾ മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ മുഖേനയോ പട്ടയം ലഭിച്ചവരിൽ ഏതാനും പേർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | വാസയോഗ്യമല്ലാത്തതും വിദൂരങ്ങളിലുള്ളതുമായ ഭൂമി കണ്ടെത്തിയതാണ് പട്ടയം ലഭിച്ചവർ ഭൂമി ഏറ്റെടുക്കാതിരുന്നതിന് കാരണമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ ഭൂമികളാണ് പദ്ധതിയ്ക്ക് വേണ്ടി തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ നിന്നോ അവിടെ ഭൂമി ലഭ്യമല്ലായെങ്കിൽ സമീപ വില്ലേജുകളിൽ നിന്നോ ആണ് ഭൂമി അനുവദിച്ച് വരുന്നത്. ആയതിനാൽ പരാതിയുണ്ടാകാനുള്ള സാധ്യതയില്ലാത്തതാണ്. |

| | | |
|---|---|---|
| (ഇ) | പദ്ധതി പൂർത്തിയാക്കുന്നതിന് ഇനി എത്ര ഭൂമി ആവശ്യമാണ്; ഇതിൽ എത്രത്തോളം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; | പദ്ധതി പൂർത്തിയാക്കുന്നതിന് ഇനി ഉദ്ദേശം 9000 ഏക്കർ ഭൂമി ആവശ്യമാണെന്ന് കാണുന്നു. വീട് വയ്ക്കാൻ അനുയോജ്യമായതും ചട്ട പ്രകാരം പതിച്ച് നൽകാൻ കഴിയുന്നതുമായ വിവിധയിനം സർക്കാർ ഭൂമികൾ പരമാവധി കണ്ടെത്തുന്ന പ്രവർത്തനം ജില്ലകളിൽ അതിവേഗം നടന്നുവരികയാണ്. സർവ്വെ നടപടികൾ പൂർത്തിയായാൽ മാത്രമേ നാളിതുവരെ കണ്ടെത്തിയ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (എഫ്) | ഭൂമി ലഭ്യമായിടത്ത് പണം നൽകി വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത് സാദ്ധ്യമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ? | വീട് വയ്ക്കാൻ അനുയോജ്യമായതും ചട്ട പ്രകാരം പതിച്ച് നൽകാൻ കഴിയുന്നതുമായ വിവിധയിനം സർക്കാർ ഭൂമികൾ പരമാവധി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാരിനുള്ളത്. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ തേടുന്നുണ്ട്. എന്നാൽ പദ്ധതിക്കനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമികളും കണ്ടെത്തി ഉപയോഗപ്പെടുത്തി കഴിഞ്ഞ ശേഷം മാത്രമേ കുറവ് വരുന്ന ഭൂമിയുടെ അളവ് തിട്ടപ്പെടുത്താനും അവ തരപ്പെടുത്തുന്നതിന് ബദൽ നിർദ്ദേശം പരിഗണിക്കാനും കഴിയുകയുള്ളൂ. |

e.k.v.Kunny

**സെക്ഷൻ ഓഫീസർ**